ഭരണഭാഷ മാതൃഭാഷ

L/40976/17/DSL

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്
വികാസ് ഭവൻ ,തിരുവനന്തപുരം
തിയതി : 03 /10/2018

## സർക്കുലർ

വിഷയം : കേരള സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ് – ഒ എസ് എൽ വിഭാഗം –സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ അവസാന നാലക്കങ്ങൾ ഒരേ രീതിയിൽ വരത്തക്കവണ്ണം ക്രമീകരിച്ച് ടിക്കറ്റുവില്പന നടത്തുന്നത് –സംബന്ധിച്ച്.

സൂചന : 1) 28/12/2017 ലെ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ OSL/40976/2017/DSL നമ്പർ സർക്കുലർ

2)സർക്കാരിൽ നിന്നുള്ള ലെ സർക്കാർ ഉത്തരവ് (സാ.ധാ) 296/2018 നികുതി വകുപ്പ് നമ്പർ കത്ത് .

കേരള സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ അവസാന നാലക്കങ്ങൾ ഒരേ രീതിയിൽ വരത്തക്കവണ്ണം ക്രമീകരിച്ച് വില്പന നടത്തുന്നത് ശ്രദ്ധയിൽപെടുന്ന പക്ഷം പ്രസ്തുത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യാൻ സൂചന ഒന്ന് സർക്കുലർ പ്രകാരം നിർദേശിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മേൽ പരാമർശിച്ച തരത്തിൽ വില്പന വൻതോതിൽ നടക്കുന്നതായി സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രചരിക്കുന്നുണ്ട് ഇത്തരം ആശാസ്യകരമല്ലാത്ത വിപണന തന്ത്രം അവലംബിക്കുന്ന വിൽപനക്കാർ വിൽക്കുന്ന ടിക്കറ്റുകളുടെ ഏജൻസി വിശദാംശങ്ങൾ ലഭ്യമാക്കി ടി ഏജൻസികൾക്കെതിരെ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച വ്യക്തമായ ശുപാർശ സഹിതം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

കൂടാതെ ചില ജില്ലകളിൽ മോണിറ്ററിങ് സെൽ യോഗങ്ങൾ നിർദിഷ്ട സമയപരിധിക്കുള്ളിൽ കൂടാതിരിക്കുന്ന സാഹചര്യവും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം എല്ലാ ജില്ല കലക്ടർമാരുടെയും ശ്രദ്ധയിൽപെടുത്തി സമയ ബന്ധിതമായി മോണിറ്ററിങ് സെൽ യോഗങ്ങൾ കൂടി, ആയതിന്റെ മിനിറ്റ്സ് സഹിതം റിപ്പോർട്ട് ഈ ഓഫീസിൽ അയച്ചുതരാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ് .

(ഒപ്പ്)
എം .അഞ്ജന IAS
കേരള സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി ഡയറക്ടർ
(വില്പന വിഭാഗം)

പകർപ്പ്
എല്ലാജില്ലാഭാഗ്യക്കുറിഓഫീസർമാർക്കും